(ഡി) ഇക്കാര്യം തീരുമാനിച്ചിട്ടില്ല.

(ഇ) മുപ്പത് വർഷത്തെ കൺസഷൻ കാലാവധിയിൽ മൊത്തം 538.75 ലക്ഷം രൂപ സർക്കാരിലേക്ക് ലഭിക്കും.

(എഫ്) കരാറുകാരൻ പിൻവാങ്ങിയതിനാൽ ടി റസ്റ്റ് ഹൗസ് കൈമാറിയിട്ടില്ല.

ഗവൺമെന്റ് ക്വാർട്ടേഴ്സ് വാടകയ്ക്ക് നൽകുന്നതിനെതിരെ നടപടി

91(4372) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ഗവൺമെന്റ് ക്വാർട്ടേഴ്സ് ലഭിച്ചവർ അത് വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ ;

(ബി) ക്വാർട്ടേഴ്സ് ലഭിച്ചതിനുശേഷം പലരും അത് വാടകയ്ക്ക് നൽകുന്നതിനെതിരെ ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) മുൻഗവൺമെന്റുകളുടെ കാലത്ത് പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരിക്കുകയും ക്വാർട്ടേഴ്സ് അനുവദിച്ചുകിട്ടുകയും ഇപ്പോഴും സ്ഥിരതാമസം ഉള്ളവരുമായ എത്രപേർ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവരിൽ ഗവൺമെന്റ് സർവ്വീസിൽ ജോലിയില്ലാത്തവർ ഉണ്ടോ ; ഉണ്ടെങ്കിൽ എത്രപേർ എന്ന് വ്യക്തമാക്കാമോ ;

(ഇ) തിരുവനന്തപുരത്ത് സ്ഥിരതാമസം ഉള്ളവർ ക്വാർട്ടേഴ്സിന് അപേക്ഷിക്കുമ്പോൾ അവർക്ക് സ്വന്തമായി വീടില്ല എന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതികളുടെ നിജസ്ഥിതി അന്വേഷിച്ച് ഒഴിപ്പിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) 32 പേർ.

(ഡി) ഉണ്ട്, 6 പേർ.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നിലവിലുള്ള ചട്ടമനുസരിച്ച് ജോലി സ്ഥലത്തിന് 15 കി.മീ. ചുറ്റളവിനുള്ളിൽ സ്വന്തമായി വീടുള്ളവർ ക്വാർട്ടേഴ്സിന് അർഹരല്ല. ക്വാർട്ടേഴ്സിനുള്ള അപേക്ഷയിൽ 15 കി. മീ. ചുറ്റളവിനുള്ളിൽ അപേക്ഷകന് സ്വന്തമായി വീടില്ല എന്ന അപേക്ഷകന് സ്വന്തമായി വീടില്ല എന്ന അപേക്ഷകന്റെ വെളിപ്പെടുത്തൽ അതാത് ഓഫീസ് മേലധികാരികൾ സാക്ഷ്യപ്പെടുത്തിയാണ് അപേക്ഷകൾ ജില്ലാ കളക്ടർക്ക് അയയ്ക്കുന്നത്. കൂടാതെ, ഇക്കാര്യത്തിൽ പരാതി ലഭിച്ചാൽ ബന്ധപ്പെട്ട ജില്ലാ കളക്ടർ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്.

എസ്. എസ്. എ. പദ്ധതി

93 (4374) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എ. പദ്ധതി പ്രകാരം എന്തു പ്രവർത്തനമാണ് സ്കൂളുകളിൽ നടപ്പാക്കുന്നത് ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം മണ്ഡലത്തിലെ എത്ര സ്കൂളുകളിൽ എസ്. എസ്. എ. പദ്ധതി നടപ്പിലാക്കി ;

(സി) നടപ്പിലാക്കിയ പദ്ധതിയും ചെലവഴിച്ച തുകയും വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതി സഹായം ഗവൺമെന്റ് സ്കൂളുകളിലെ പോലെ എയ്ഡഡ് സ്കൂളുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 1. നിർമ്മാണ പ്രവർത്തനങ്ങൾ

സ്ക്കൂൾ കെട്ടിടം, ക്ലാസ് മുറി, ബി.ആർ.സി., സി.ആർ.സി., സ്ക്കൂൾ ചുറ്റുമതിൽ, ടോയ്ലറ്റ്, ക്ലാസ്സ് ഇടഭിത്തി എന്നിവയുടെ നിർമ്മാണം കൂടാതെ കുടിവെള്ള സൗകര്യം ഒരുക്കൽ, സ്ക്കൂൾ വൈദ്യുതികരണം, സ്ക്കൂൾ അറ്റകുറ്റപ്പണികൾ എന്നിവയും ഉൾപ്പെടും.

2. ഗുണനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനം

അദ്ധ്യാപക പരിശീലനം, സൗജന്യ പാഠപുസ്തക വിതരണം, അദ്ധ്യാപകകർക്കുള്ള പഠനോപകരണ കിറ്റ്, സ്ക്കൂൾ ഗ്രാന്റ്, വി. ഇ. സി. ട്രെയിനിംഗ്, ആൾട്ടർനേറ്റീവ് സ്ക്കൂളിംഗ്, പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ എന്നിവ.

(ബി) കുന്ദമംഗലം മണ്ഡലത്തിൽ 36 സർക്കാർ സ്കൂളുകളും 61 എയ്ഡഡ് സ്കൂളുകളും ഈ പദ്ധതിയുടെ കീഴിൽ വരുന്നുണ്ട്.

(സി) ഉത്തരം 'എ' പിരിവിൽ പറയുന്ന പ്രവർത്തനങ്ങൾക്കായി ഇതിനകം പന്ത്രണ്ടര ലക്ഷത്തി ഒരായിരം രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly